09.06.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 15-02-2000

# മനസിനെ സ്വച്ഛമാക്കി, ബുദ്ധിയെ ക്ലിയറാക്കി വെച്ച് ഡബിൾ ലൈറ്റ് മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യൂ

ഇന്ന് ബാപ്ദാദ തന്റെ സ്വരാജ്യ അധികാരി കുട്ടികളെ കണ്ട് കൊണ്ടിരിക്കുകയാണ്. സ്വരാജ്യം ബ്രാഹ്മണ ജീവിതത്തിന്റെ ജന്മസിദ്ധ അധികാരമാണ്. ബാപ്ദാദ ഓരോ ബ്രാഹ്മണരെയും സ്വരാജ്യത്തിന്റെ സിംഹാസനധാരിയാക്കിയിട്ടുണ്ട്. സ്വരാജ്യത്തിന്റെ അധികാരം ജന്മനാ തന്നെ ഓരോ ബ്രാഹ്മണ ആത്മാവിന് പ്രാപ്തമാണ്. എത്രത്തോളം സ്വരാജ്യ സ്ഥിതി ഉണ്ടാകുന്നുവോ അത്രയും തന്നെ അവനവനിൽ ലൈറ്റിന്റെയും മൈറ്റിന്റെയും അനുഭവം ചെയ്യുന്നു.

ബാപ്ദാദ ഇന്ന് ഓരാോ കുട്ടിയുടെയും മസ്തകത്തിൽ ലൈറ്റിന്റെ കിരീടം കാണുകയാണ്. എത്രത്തോളം അവനവനിൽ മെറ്റ് ധാരണ ചെയ്തിട്ടുണ്ടോ അത്ര തന്നെ യഥാക്രമമായി ലൈറ്റിന്റെ കിരീടം തിളങ്ങുന്നു . ബാപ്ദാദ എല്ലാ കുട്ടികൾക്കും സർവ ശക്തിയുടെ അധികാരമായി നൽകിയിട്ടുണ്ട്. ഓരോരുത്തരും മാസ്റ്റർ സർവശക്തിവാനാണ്. കുട്ടികൾ ധാരണ ചെയ്യുന്നതിൽ യഥാക്രമമായിരിക്കുന്നു. ബാപ്ദാദ കണ്ടു സർവശക്തികളുടെ ജ്ഞാനവും എല്ലാവരിലുമുണ്ട്. ധാരണയുമുണ്ട് , എന്നാൽ ഒരു കാര്യത്തിന്റെ വ്യത്യാസം വരുന്നു. ഏതാരു ബ്രാഹ്മണാത്മാവിനോടു ചോദിച്ചാലും ഓരോരുത്തരും ശക്തികളുടെ വർണനയും വളരെ നന്നായി ചെയ്യും, പ്രാപ്തിയുടെ വർണനയും വളരെ നന്നായി ചെയ്യും. പക്ഷേ വ്യത്യാസം ഇതാണ് സമയത്ത് ഏത് ശക്തിയുടെ ആവശ്യകതയാണോ ആ സമയത്ത് ആ ശക്തി കാര്യത്തിലുപയോഗിക്കാൻ കഴിയില്ല. സമയത്തിനു ശേഷം തിരിച്ചറിയുന്നു ഈ ശക്തിയുടെ ആവശ്യകതയുണ്ടായിരുന്നു. ബാപ്ദാദ കുട്ടികളോട് പറയുന്നു സർവ്വശക്തികളുടെ സമ്പത്ത് ഇത്രയും ശക്തിശാലിയാണ് അതിലൂടെ യാതൊരു സമസ്യയും താങ്കൾക്ക് മുന്നിൽ നിലനിൽക്കുകയില്ല. സമസ്യാ മുക്തമാകാൻ കഴിയും. വെറും സർവ ശക്തികളെ പ്രത്യക്ഷ രൂപത്തിൽ സ്മൃതിയിൽ വെക്കു സമയത്ത് കാര്യത്തിലുപയോഗിക്കൂ . ഇതിനു തന്റെ ബുദ്ധിയുടെ ലൈൻ ക്ലിയറായി വെക്കൂ. എത്രത്തോളം ബുദ്ധിയുടെ ലൈൻ തെളിഞ്ഞതും സ്വച്ഛവുമാകുന്നുവോ അത്രയും നിർണയ ശക്തി തീവ്രമായതിനാൽ ഏത് സമയത്ത് ഏതു ശക്തിയുടെ ആവശ്യകതയാണോ അത് കാര്യത്തിലുപയോഗിക്കാൻ സാധിക്കും. എന്തെന്നാൽ സമയാനുസരണം ബാപ്ദാദ ഓരോരോ കുട്ടികളെയും വിഘ്ന മുക്തം, സമസ്യാ മുക്തം, പരിശ്രമത്തിന്റെ പുരുഷാർഥത്തിൽ നിന്നു മുക്തമായി കാണുവാൻ ആഗ്രഹിക്കുന്നു. ആകുക തന്നെ വേണം എല്ലാവർക്കും, എന്നാൽ വളരെ കാലത്തെ ഈ അഭ്യാസം ആവശ്യമാണ്. ബ്രഹ്മാ ബബയുടെ വിശേഷ സംസ്കാരം കണ്ടിരുന്നു ഉടൻ ദാനം മഹാപുണ്യം. ജീവിതത്തിന്റെ ആരംഭം മുതലേ ഓരോ കാര്യത്തിലും ഉടൻ ദാനവും ഉടൻ കാര്യവും ചെയ്തു. ബ്രഹ്മാബാബയുടെ നിർണയ ശക്തിയുടെ വിശേഷത സദാ ഫാസ്റ്റായിരുന്നു. അപ്പോൾ ബാപ്ദാദ റിസൽറ്റ് കണ്ടു. എല്ലാവരെയും കൂടെ കൂട്ടിക്കൊണ്ട് പോകുക തന്നെ വേണം. ബാപ്ദാദയ്ക്ക് ഒപ്പം പോകുന്നവരല്ലേ! അതോ പുറകെ പുറകെ വരുന്നവരാണോ? ഒപ്പം പോകുക തന്നെ വേണമെങ്കിൽ ഫോളോ ബ്രഹ്മാബാബ. കർമത്തിൽ ബ്രഹ്മാബാബയെ ഫോളോ ചെയ്യുക , സ്ഥിതിയിൽ നിരാകാരി ശിവബാബയെ ഫോളോ ചെയ്യണം. ഫോളോ ചെയ്യാൻ അറിയാമല്ലോ?

ഡബിൾ വിദേശികൾക്ക് ഫോളോ ചെയ്യാൻ അറിയാമല്ലോ? ഫോളോ ചെയ്യണമെങ്കിൽ സഹജമല്ലേ! ഫോളോ ചെയ്യുക തന്നെ വേണമെങ്കിൽ എന്തുകൊണ്ട്, എന്ത് , എങ്ങനെ... ഇത് സമാപ്തമാകുന്നു. എല്ലാവർക്കും അനുഭവമാണ് വ്യർഥ സങ്കൽപത്തിന്റെ നിമിത്തം ഈ എന്തുകൊണ്ട്, എന്ത്, എങ്ങനെ.... തന്നെയാണ് ആധാരമാകുന്നത്. ഫോളോ ഫാദറിൽ ഈ വാക്ക് സമാപ്തമാകുന്നു. എങ്ങനെ ഇല്ല, ഇങ്ങനെ. ബുദ്ധി ഉടൻ നിർണയിക്കുന്നു ഇങ്ങനെ പോകൂ, ഇങ്ങനെ ചെയ്യു. അപ്പോൾ ബാപ്ദാദ ഇന്ന് വിശേഷിച്ച് എല്ലാ കുട്ടികൾക്കും ആദ്യം വന്നവരാകട്ടെ, പഴയവരാകട്ടെ ഈ സൂചനയാണ് നൽകുന്നത് തന്റെ മനസിനെ സ്വച്ഛമാക്കി വെക്കൂ. വളരെ പേരുടെ മനസിൽ ഇപ്പോഴും വ്യർഥത്തിന്റെയും നെഗറ്റീവിന്റെയും ചെറുതും വലുതുമായ കറയുണ്ട്. ഇതിന്റെ കാരണത്താൽ പുരുഷാർഥത്തിന്റെ ശ്രേഷ്ഠ വേഗത്തിൽ തീവ്ര ഗതിയിൽ തടസം വരുന്നു.ബാപ്ദാദ സദാ ശ്രീമതം നൽകുന്നു മനസിൽ സദാ ഓരോ ആത്മാവിനെ പ്രതിയും ശുഭഭാവന, ശുഭ കാമന വെക്കു ഇതാണ് സ്വച്ഛമായ മനസ്. അപകാരിക്കു മേലും ഉപകാരത്തിന്റെ വിചാരം വെക്കുക ഇതാണ് സ്വച്ഛമായ മനസ്. സ്വയത്തെ പ്രതി അഥവാ അന്യരെ പ്രതി വ്യർഥ സങ്കൽപം വരിക ഇത് സ്വച്ഛ മനസല്ല. അപ്പോൾ സ്വച്ഛ മനസും ക്ലീൻ ക്ലിയർ ബുദ്ധിയും. നിർണയിക്കൂ, അവനവനെ ശ്രദ്ധയോടെ നോക്കൂ, മേലെ മേലെ നിന്നല്ല, ശരിയാണ്, ശരിയാണ്. അല്ല , ചിന്തിച്ചിട്ട് നോക്കൂ മനസും ബുദ്ധിയും സ്പഷ്ടമാണോ, ശ്രേഷ്ഠമാണോ? അപ്പോൾ ഡബിൾ ലൈറ്റ് സ്ഥിതി ആകാൻ കഴിയും. ബാബയെ

പ്പോലെ സ്ഥിതിയുണ്ടാക്കുവാൻ ഇതാണ് സഹജ മാർഗം. ഈ അഭ്യാസം അന്തിമത്തിലല്ല വളരെക്കാലത്തേക്ക് ആവശ്യമാണ്. അപ്പോൾ പരിശോധിക്കാനറിയാമോ? അവനവനെ പരിശോധിക്കുക മറ്റുള്ളവരെ ചെയ്യേണ്ട. ബാപ്ദാദ ആദ്യമേ തന്നെ ചിരിക്കാനുള്ള കാര്യം പറഞ്ഞിരുന്നു  പല കുട്ടികളുടെയും ദൂരക്കാഴ്ച വളരെ തീക്ഷ്ണമാണ് സമീപ കാഴ്ച ദുർബലമാണ് അതിനാൽ മറ്റുള്ളവരെ വിധിക്കുന്നതിൽ വളരെ സമർഥരാണ്. അവനവനെ പരിശോധിക്കുന്നതിൽ ദുർബലമാകരുത്.

ബാപ്ദാദ ആദ്യമേ പറഞ്ഞിട്ടുണ്ട് ഇപ്പോൾ ഞാൻ ബ്രഹ്മാകുമാരിയാണ് /ബ്രഹ്മാകുമാരനാണ് ഇത് പക്കയായതുപോലെ, നടക്കുമ്പോഴും കറങ്ങുമ്പോഴും ചിന്തിക്കുന്നു  ഞാൻ ബ്രഹ്മാകുമാരിയാണ്, ഞാൻ ബ്രഹ്മാകുമാരൻ ബ്രാഹ്മണാത്മാവാണ്. ഇങ്ങനെ ഇപ്പോൾ ഈ സ്വാഭാവിക സ്മൃതിയും സ്വഭാവവുമുണ്ടാക്കൂ  ഞാൻ മാലാഖയാണ്. അമൃതവേളയിൽ എഴുന്നേൽക്കുമ്പോഴേ ഇത് പക്കയാക്കൂ ഞാൻ മാലാഖ പരമാത്മ ശ്രീമതത്തിൽ താഴെ ഈ സാകാരശരീരത്തിൽ വന്നിരിക്കുന്നു , എല്ലാവർക്കും സന്ദേശം നൽകുന്നതിനു വേണ്ടി അഥവാ ശ്രേഷ്ഠ കർമം ചെയ്യുന്നതിനു വേണ്ടി. കാര്യം പൂർത്തിയായതും തന്റെ ശാന്തിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യു. ഉയർന്ന സ്ഥിതിയിലേക്ക് പോകൂ. പരസ്പരവും മാലാഖാ സ്വരൂപത്തിൽ കാണൂ. താങ്കളുടെ മനോവൃത്തി മറ്റുള്ളവരെയും പതിയെ പതിയെ മാലാഖയാക്കിത്തരും. താങ്കളുടെ ദൃഷ്ടി മറ്റുള്ളവർക്കു മേലും പ്രഭാവം വീഴ്ത്തും. ഇത് പക്കയാണോ ഞാൻ മാലാഖയാണ്? മാലാഖയായി ഭവിക്കട്ടെ എന്ന വരദാനം എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ? ഒരു സെക്കന്റിൽ മാലാഖ അതായത് ഡബിൾ ലൈറ്റാകാൻ കഴിയുമോ? ഒരു സെക്കന്റിൽ, മിനിറ്റിലല്ല, 10 സെക്കന്റിലല്ല, ഒരു സെക്കന്റിൽ വിചാരിച്ചു , ആയി. ഇങ്ങനെ അഭ്യാസമുണ്ടോ? നല്ലതാണ് ഒരു സെക്കന്റിൽ ആകാൻ കഴിയുന്നത് രണ്ടു സെക്കൻറിലല്ല. ഒരു സെക്കന്റിൽ ആകാൻ കഴിയുക , അവർ ഒരു കൈ കൊണ്ട് കയ്യടിക്കൂ. ആകാൻ കഴിയുമോ? കൈ പൊക്കാനല്ല. ഡബിൾ വിദേശികൾ ഉയർത്തുന്നില്ല! സമയമെടുക്കുന്നുണ്ടോ? അൽപം സമയമെടുക്കുന്നു എന്ന് വിചാരിക്കുന്നവർ ഒരു സെക്കന്റിലല്ല അൽപ സമയം എടുക്കുന്നു അവർ കൈ ഉയർത്തൂ . (വളരെ പേർ കൈ ഉയർത്തി) നല്ലതാണ് എന്നാൽ അവസാന മണിക്കൂറിലെ പരീക്ഷ ഒരു സെക്കന്റിൽ വരണം , പിന്നെന്തു ചെയ്യും? പെട്ടെന്നു വരണം സെക്കന്റേത് വരണം. കൈ ഉയർത്തി, കുഴപ്പമില്ല. തിരിച്ചറിഞ്ഞു ഇതും വളരെ നല്ലതാണ്. പക്ഷേ ഈ അഭ്യാസം ചെയ്യുക തന്നെ വേണം. ചെയ്യേണ്ടി വരും എന്നല്ല, ചെയ്യുക തന്നെ വേണം. ഈ അഭ്യാസം വളരെ  വളരെ  വളരെ ആവശ്യമാണ്. ശരി എന്നിട്ടും ബാപ്ദാദ കുറച്ച് സമയം നൽകുന്നു. എത്ര സമയം വേണം? 2000 വരെ വേണം. 21ാം നൂറ്റാണ്ടിനെ താങ്കൾ  വെല്ലുവിളിച്ചിട്ടുണ്ട്, പെരുമ്പറയടിച്ചിട്ടുണ്ട് , ഓർമയുണ്ടോ? വെല്ലുവിളിച്ചു  സ്വർണിമയുഗ ലോകം വരും അല്ലെങ്കിൽ അന്തരീക്ഷമുണ്ടാക്കും. വെല്ലുവിളിച്ചിട്ടില്ലേ! അപ്പോൾ ഇതുവരെയും വളരെ സമയമുണ്ട്. എത്ര സ്വയത്തിനും മേൽ ശ്രദ്ധ നൽകാനാവുമോ, നൽകാനാവുമോ എന്നല്ല നൽകുക തന്നെ വേണം.  ദേഹബോധം വരുന്നതിന് എത്ര സമയമെടുക്കുന്നു എന്ന പോലെ! രണ്ടു സെക്കന്റ്? ആഗ്രഹിക്കുന്നേയില്ലെങ്കിലും പക്ഷേ ദേഹബോധത്തിൽ വരുന്നു , അപ്പോൾ എത്ര സമയമെടുക്കുന്നു? ഒരു സെക്കന്റോ അതോ അതിലും കുറവായി തോന്നുന്നുവോ? അറിയുകയില്ല ദേഹബോധത്തിൽ വന്നിരിക്കുന്നു എന്നു തന്നെ. ഇങ്ങനെ തന്നെ ഈ അഭ്യാസം ചെയ്യു എന്തു സംഭവിച്ചാലും എന്ത് ചെയ്യുകയാണെങ്കിലും പക്ഷേ അറിയുകയേ ചെയ്യുന്നില്ല ഞാൻ ആത്മബോധത്തിന്റെ ശക്തിശാലി സ്ഥിതിയിൽ സ്വാഭാവികമായിരിക്കുന്നു. മാലാഖാ സ്ഥിതിയും സ്വാഭാവികമാകേണ്ടതുണ്ട്. എത്രത്തോളം തന്റെ സ്വഭാവം മാലാഖാ സ്വഭാവത്തിന്റതാകുമോ അപ്പോൾ സ്വഭാവം സ്ഥിതിയെ സ്വാഭാവികമാക്കിത്തരും അപ്പോൾ ബാപ്ദാദ എത്ര സമയത്തിനു ശേഷം ചോദിച്ചു? എത്ര സമയം വേണം? ജയന്തി പറയൂ  എത്ര സമയം വേണം? വിദേശത്തിനു വേണ്ടി താങ്കൾ പറയൂ  എത്ര സമയം വിദേശികൾക്ക് വേണം? ജനക് പറയൂ. (ദാദിജി പറഞ്ഞു ഇന്നത്തെ ഇന്ന് ആകും, നാളെയല്ല) ഇന്നത്തെ ഇന്നാണെങ്കിൽ ഇപ്പോഴിപ്പോൾ മാലാഖയായോ? ആകും എന്നല്ല. ഏതു വരെ പോകും? ബാപ്ദാദയ്ക്ക് ഓരോ കുട്ടിയോടും സ്നേഹമുണ്ട്. അപ്പോൾ ഇങ്ങനെയാണ് മനസിലാക്കുന്നത് ഒരു കുട്ടി പോലും കുറഞ്ഞതായിരിക്കരുത്. യഥാക്രമം എന്തുകൊണ്ട്? എല്ലാവരും നമ്പർ വൺ ആകുമെങ്കിൽ എത്ര നല്ലതാണ്. ശരി

ഭരണ വിഭാഗ (അഡ്മിനിസ്ട്രേഷൻ വിങ് ) ത്തിലെ സഹോദരീ സഹോദരൻമാരോട് : പരസ്പരം ചേർന്ന് എന്തു പ്രോഗ്രാമുണ്ടാക്കി?  എത്രയും പെട്ടെന്ന് താങ്കൾ ശ്രേഷ്ഠാത്മാക്കളുടെ കയ്യിൽ ഈ കാര്യം വരട്ടെ ഇങ്ങനെ തീവ്രപുരുഷാർഥത്തിന്റെ പദ്ധതിയുണ്ടാക്കിയോ. വിശ്വ പരിവർത്തനം ചെയ്യണമെങ്കിൽ മുഴുവൻ ഭരണവും മാറേണ്ടിവരുമല്ലോ! എങ്ങനെ ഈ കാര്യം സഹജമായി വർധിക്കും, പടരും , ഇങ്ങനെ ആലോചിച്ചുവോ? ആരെല്ലാം കുറഞ്ഞത് വലിയ വലിയ പട്ടണങ്ങളിൽ നിമിത്തമാണോ അവർക്ക് വ്യക്തിപരമായ സന്ദേശം നൽകാനുള്ള പദ്ധതിയുണ്ടാക്കിയോ? കുറഞ്ഞത് ഇതു മനസിലാക്കട്ടെ ഇപ്പോൾ ആധ്യാത്മികതയിലൂടെ പരിവർത്തനം നടക്കാം , നടക്കണം. അപ്പോൾ സ്വന്തം വിഭാഗത്തെ ഉണർത്തണം , അതിനാണ് ഈ വിഭാഗം ഉണ്ടാക്കിയിട്ടുള്ളത്. അപ്പോൾ ബാപ്ദാദ വിങ്ങിലുള്ളവരുടെ സേവനം കണ്ട്

സന്തുഷ്ടനാണ് പക്ഷേ ഈ റിസൽറ്റ് കാണണം ഓരോ വിഭാഗത്തിലുള്ളവരും അവരവരുടെ വിഭാഗത്തിലുള്ളവർക്ക് ഏതുവരെ സന്ദേശം നൽകിയിട്ടുണ്ട്! കുറച്ചേറെ ഉണർത്തിയോ അതോ കൂട്ടുകാരാക്കിയോ? സഹയോഗി കൂട്ടുകാരാക്കിയോ? ബ്രഹ്മാകുമാരനാക്കിയില്ല എന്നാൽ സഹയോഗി, കൂട്ടുകാരാക്കിയോ?

എല്ലാ വിഭാഗങ്ങളോടും ബാപ് ദാദ പറയുന്നു ഇപ്പോൾ ധർമ നേതാക്കൾ വന്ന പോലെ നമ്പർവൺകാരായിരുന്നില്ല എന്നിട്ടും ഒരു സ്റ്റേജിൽ എല്ലാവരും ഒന്നിച്ചു , എല്ലാവരുടെ വായിൽ നിന്നും ഇത് പുറപ്പെട്ടു നാമെല്ലാവർക്കും ചേർന്ന് ആധ്യാത്മിക ശക്തിയെ പടർത്തണം.ഇങ്ങനെ ഓരോ വിഭാഗത്തിലുള്ളവരും ആരെല്ലാം വന്നിട്ടുണ്ടോ എല്ലാ വിഭാഗക്കാർക്കും ഈ റിസൾട്ട് പുറപ്പെടുവിക്കണം എന്റെ വിഭാഗത്തിലുള്ളവരിൽ ഏതുവരെ സന്ദേശം എത്തി? രണ്ടാമത് ആധ്യാത്മികതയുടെ ആവശ്യമുണ്ട് , ഞാനും സഹയോഗിയാകും ഈ റിസൾട്ട് ആണ്. റെഗുലർ വിദ്യാർത്ഥിയാകുന്നില്ല പക്ഷേ സഹയോഗി ആകാൻ കഴിയും അപ്പോൾ ഇതുവരെയും ഓരോ വിഭാഗത്തിലുള്ളവർക്കും എന്തെല്ലാം സേവനം ചെയ്തുവോ, ഇപ്പോൾ ധർമ്മ നേതാക്കളെ വിളിച്ചത് പോലെ ഇങ്ങനെ ഓരോ രാജ്യത്തെയും ഓരോ വിഭാഗക്കാർക്കും ചെയ്യു. ആദ്യം ഇന്ത്യയിൽ തന്നെ ചെയ്യു, പിന്നാലെ അന്താരാഷ്ട്രമായി ചെയ്യുക. ഓരോ വിഭാഗത്തിന്റെ ഇങ്ങനെ ഭിന്ന ഭിന്ന സ്റ്റേജിലുള്ളവർ കൂടിച്ചേരണം, ഈ അനുഭവം ചെയ്യണം ഞങ്ങൾക്ക് സഹയോഗിയാകണം . ഈ ഓരോ വിഭാഗത്തിന്റെ റിസൾട്ട് ഇതുവരെ എത്രത്തോളം ആയിട്ടുണ്ട്? മുന്നോട്ട് എന്ത് പദ്ധതിയാണ് ഉള്ളത്?എന്തെന്നാൽ ഓരോ വിഭാഗം ഓരോരുത്തരെ അഥവാ ലക്ഷ്യം വെച്ച് സമീപത്തേക്ക് കൊണ്ടുവരികയാണെങ്കിൽ പിന്നെ എല്ലാ വിഭാഗത്തിന്റെയും സമീപ സഹയോഗികൾ ഇല്ലേ അവർക്ക് കൂടി ചേർന്ന് വലിയ സംഘടന ഉണ്ടാക്കാം.പരസ്പരം നോക്കി ഉണർവുത്സാഹത്തിലേക്ക് വരുന്നു. ഇപ്പോൾ പകുത്ത് ഇരിക്കുകയാണ് ,ചില പട്ടണങ്ങളിൽ ചിലർ ചില പട്ടണങ്ങളിൽ ചിലർ.നല്ല നല്ലവരുമുണ്ട് എന്നാൽ എല്ലാവരുടെയും ആദ്യം സംഘടന കൂട്ടിച്ചേർക്കൂ,പിന്നെ എല്ലാവരുടെയും ചേർത്തുള്ള സംഘടന മധുബനിൽ ചെയ്യും. അപ്പോൾ ഇങ്ങനെയുള്ള പദ്ധതി എന്തെങ്കിലും ഉണ്ടാക്കിയോ? ഉണ്ടാക്കപ്പെടും തീർച്ചയായും. വിദേശത്തുള്ളവർക്കും സന്ദേശം നൽകിയിരുന്നു ചിതറി പോയവർ വളരെയാണ്. അഥവാ ഭാരതത്തിലും നോക്കുകയാണെങ്കിൽ നല്ല നല്ല സഹയോഗി ആത്മാക്കൾ പലസ്ഥലങ്ങളിലും പുറത്തുവന്നിട്ടുണ്ട് പക്ഷേ ഗുപ്തമായിരിക്കുകയാണ്. അവരെ കൂട്ടിച്ചേർത്ത് എന്തെങ്കിലും വിശേഷ പരിപാടി വെച്ച് അനുഭവത്തിന്റെ കൊടുക്കൽ വാങ്ങലുകൾ ചെയ്യാം അതിലൂടെ വ്യത്യാസം ഉണ്ടാകുന്നു സമീപത്തേക്ക് വരുന്നു. ചില വിഭാഗത്തിന്റെ 5 ഉണ്ടാകും ചിലതിൽ 8 ഉണ്ടാകും ,ചിലതിൽ 25 30 ഉണ്ടാകും.സംഘടനയിലേക്ക് വരുന്നതിലൂടെ മുന്നേറി പോകുന്നു. ഉണർവുത്സാഹം വർദ്ധിക്കുന്നു.അപ്പോൾ ഇതുവരെയും എല്ലാ വിഭാഗത്തിന്റെയും എന്ത് സേവനം ഉണ്ടായോ അതിന്റെ റിസൾട്ട് പുറപ്പെടുവിക്കണം.കേട്ടോ എല്ലാ വിഭാഗത്തിൽ ഉള്ളവരും കേട്ടുകൊണ്ടിരിക്കുകയല്ലേ! ഓരോ വിഭാഗത്തിൽ ഉള്ളവരും ആരാണോ ഇന്ന് വിശേഷിച്ച് വന്നിട്ടുള്ളത് അവർ കൈ ഉയർത്തു. വളരെയുണ്ട്. ഇപ്പോൾ റിസൾട്ട് നൽകണം എത്രയെത്ര , ആരാര് എത്ര ശതമാനം സമീപ സഹയോഗിയാണ്? പിന്നെ അവർക്കായി രസകരമായ പരിപാടി ഉണ്ടാക്കാം ശരിയല്ലേ!

മധുബൻ കാർക്ക് കാലിയായിരിക്കാൻ പാടില്ല. കാലിയാകുവാൻ ആഗ്രഹിക്കുന്നുണ്ടോ? ബിസി ആയിരിക്കുവാൻ അല്ലേ ആഗ്രഹിക്കുന്നത്! അതോ ക്ഷീണിച്ചു പോയോ? ഇടയ്ക്കിടെ 15 ദിവസം അവധിയും ഉണ്ടാകുന്നു ഉണ്ടാവുകയും വേണം. പക്ഷേ പരിപാടിക്ക് പുറകെ പരിപാടി ലിസ്റ്റിൽ ഉണ്ടായിരിക്കണം. അപ്പോൾ ഉണർവുത്സാഹം ഉണ്ടാകുന്നു. ഇല്ലെങ്കിൽ സേവനം ഇല്ലാതിരിക്കുമ്പോൾ ദാദി ഒരു പരാതി പറയുന്നു. പരാതി പറയട്ടെ, എല്ലാവരും പറയുന്നുണ്ട് അവരവരുടെ ഗ്രാമത്തിൽ പോകണം, ചുറ്റിക്കറങ്ങാനായി പോവണം. സേവനത്തിന് വേണ്ടിയും ചുറ്റിക്കറങ്ങാനായി പോകാം. അതിനാൽ ബിസി ആയിരിക്കുന്നത് നല്ലതാണ്. ബിസി ആണെങ്കിൽ തട്ടലും മുട്ടലും ഉണ്ടാവുകയില്ല. നോക്കു മധുബൻകാരുടെ ഒരു വിശേഷതയ്ക്ക് ബാപ്ദാദ കോടിമടങ്ങ് ആശംസകൾ നൽകുന്നു. 100 മടങ്ങും അല്ല കോടിമടങ്ങ്. ഏത് കാര്യത്തിലാണ്? ആര് എപ്പോൾ വന്നാലും ഇങ്ങനെ സേവനത്തിന്റെ ലഹരി ചേരുന്നു എന്തെല്ലാം ഉള്ളിലുണ്ടെങ്കിലും മറഞ്ഞു പോകുന്നു. അവ്യക്തിമായി കാണപ്പെടുന്നു. അക്ഷീണരായി കാണപ്പെടുന്നു. അവർ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടുപോകുന്നു ഇവിടെയുള്ളവരെല്ലാം മാലാഖയായി തോന്നുന്നു. അപ്പോൾ ഈ വിശേഷത വളരെ നല്ലതാണ് ആ സമയത്ത് വിശേഷ മനോബലം വന്നുചേരുന്നു. സേവനത്തിന്റെ തിളക്കം വന്നുചേരുന്നു. അപ്പോൾ ഈ സർട്ടിഫിക്കറ്റ് ബാപ്ദാദ നൽകുകയാണ് ആശംസയല്ലേ? അപ്പോൾ മധുബൻകാർ കൈയ്യടിക്കൂ. വളരെ നല്ലത്. ബാപ്ദാദയും ആ സമയം ചുറ്റി കറങ്ങാനായി വരുന്നു. താങ്കൾക്ക് അറിയാൻ കഴിയുകയില്ല എന്നാൽ ബാപ്ദാദ ചുറ്റി കറങ്ങാൻ വരുന്നുണ്ട്. അപ്പോൾ മധുബൻകാരുടെ ഈ വിശേഷത ഇനിയും വർദ്ധിക്കട്ടെ.ശരി

മീഡിയ വിങ്ങ് : വിദേശത്തും മീഡിയ ആരംഭിച്ചില്ലേ! ബാപ്ദാദ കണ്ടു മീഡിയയിൽ ഇപ്പോൾ നന്നായി പരിശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ മാധ്യമങ്ങളിൽ പുറത്തു വരാൻ തുടങ്ങിയിട്ടുണ്ട് , പ്രിയത്തോടെ നൽകുന്നുണ്ട്. അപ്പോൾ പരിശ്രമത്തിന്റെ ഫലവും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇനിയും വിശേഷിച്ച് മാധ്യമങ്ങളിൽ ടിവി പോലുള്ളവയിൽ സ്ഥിരമായി അല്പസമയം എങ്കിലും നൽകിയിട്ടുണ്ടല്ലോ. പതിവായി നടക്കുന്നുണ്ടല്ലോ. അപ്പോൾ ഈ പരിപാടി നല്ലതാണ്. എല്ലാവർക്കും കേട്ടിട്ട് നല്ല അനുഭവം ഉണ്ടാകുന്നു. ഇങ്ങനെ മാധ്യമങ്ങളിൽ വിശേഷിച്ച് ആഴ്ചകളിൽ, ഓരോ ദിവസങ്ങളിൽ, ഒന്നിടവിട്ട് ദിവസങ്ങളിൽ എപ്പിസോഡ് സംപ്രേഷണം ചെയ്യട്ടെ. ഇത് ആദ്ധ്യാത്മിക ശക്തി വർധിപ്പിക്കാനുള്ള അവസരമാണെന്ന്. ഇങ്ങനെ പുരുഷാർത്ഥം ചെയ്യു. അങ്ങനെ സഫലത ഉണ്ട്. ബന്ധങ്ങളും നന്നായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ എന്തെങ്കിലും അത്ഭുതം ചെയ്തു കാണിക്കുമോ മാധ്യമങ്ങളിൽ. ചെയ്യാനാകുമോ? ഗ്രൂപ്പിന് ചെയ്യാൻ കഴിയുമോ? ശരി എന്ന് പറയും. ഉണർവുത്സാഹം ഉണ്ടെങ്കിൽ സഫലത ഉള്ളത് തന്നെയാണ്. എന്തുകൊണ്ട് സാധിക്കുകയില്ല! അവസാനം സമയമാകുമ്പോൾ എന്തൊക്കെ സാധനങ്ങൾ ഉണ്ടോ താങ്കൾക്ക് അവ ഉപയോഗത്തിൽ വരും.താങ്കൾക്ക് ഓഫർ ചെയ്യും ഓഫർ ചെയ്യും എന്തെങ്കിലും നൽകു. എന്തെങ്കിലും നൽകു. സഹായിക്കു. ഇപ്പോൾ താങ്കൾക്ക് പറയേണ്ടി വരുന്നു സഹയോഗി ആകു. പിന്നീട് അവർ പറയും ഞങ്ങളെ സഹയോഗി ആക്കു. കേവലം ഈ കാര്യം പക്കയാക്കി വയ്ക്കു മാലാഖ മാലാഖ മാലാഖ പിന്നീട് നോക്കൂ താങ്കളുടെ ജോലി എത്ര പെട്ടെന്ന് നടക്കുന്നു. പിറകെ വരണം എന്നല്ല വരും എന്നാൽ നിഴലിനെ പോലെ അവർ തനിയെ പിറകെ വരും. കേവലം താങ്കളുടെ അവസ്ഥകളിൽ അവസ്ഥകളുടെ നിൽക്കലിലൂടെ നിന്ന് പോയിരിക്കുകയാണ്. സദാ തയാറാകൂ അപ്പോൾ കേവലം സ്വിച്ച് ഇടുന്നതിന്റെ സമയമേ വേണ്ടൂ. ശരി ചെയ്തുകൊണ്ടിരിക്കുകയാണ് ചെയ്യുകയും ചെയ്യും.

നാനാ ഭാഗത്തെയും ദേശ വിദേശത്തെ സാകാര സ്വരൂപത്തിൽ അഥവാ സൂക്ഷ്മ സ്വരൂപത്തിൽ മിലനം ആഘോഷിക്കുന്ന സർവ്വ സ്വരാജ് അധികാരി ആത്മാക്കൾക്ക് , സദാ ഈ ശ്രേഷ്ഠ അധികാരത്തെ തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും പ്രത്യക്ഷമാക്കുന്ന വിശേഷ ആത്മാക്കൾക്ക് , സദാ ബാപ്ദാദയെ ഓരോ ചുവട്ടിൽ പിന്തുടരുന്നവർക്ക്, സദാ മനസ്സിനെ സ്വച്ഛവും ബുദ്ധിയെ ക്ലിയറുമായി വെക്കുന്ന ഇങ്ങനെയുള്ള സ്വതവേ തീവ്രപുരുഷാർത്ഥി ആത്മാക്കൾക്ക്, സദാ കൂടെ കഴിയുന്ന കൂടെ പോകുന്ന ഡബിൾ ലൈറ്റ് കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണ നമസ്തേ.

## വരദാനം : സാധനങ്ങളെ നിർലേപം അഥവാ വേറിട്ടതായി കാര്യത്തിൽ ഉപയോഗിക്കുന്ന പരിധിയില്ലാത്ത വൈരാഗിയായി ഭവിക്കട്ടെ.

പരിധിയില്ലാത്ത വൈരാഗി അർത്ഥം ഒന്നിലും ആകർഷണമില്ല, ബാബയുടെ സ്നേഹി. ഈ പ്രിയം തന്നെയാണ് വേറിട്ടതാക്കുന്നത്. ബാബയുടെ സ്നേഹിയല്ലെങ്കിൽ വേറിട്ടതാകാനും കഴിയുകയില്ല. ആകർഷണത്തിലേക്ക് വരും. ആര് ബാബയുടെ പ്രിയപ്പെട്ടതാണോ അവർ സർവ്വ ആകർഷണങ്ങളിൽ നിന്നും ഉപരി അതായത് വേറിട്ടതാകും ഇതിനെയാണ് പറയുന്നത് നിർലേപ സ്ഥിതി. ഏതൊരു പരിധിയുള്ള ആകർഷണത്തിന്റെയും ലേപത്തിൽ വരുന്നവരല്ല. രചന അഥവാ സാധനങ്ങളെ നിർലേപമായി കാര്യത്തിൽ കൊണ്ടുവരൂ. ഇങ്ങനെ പരിധിയില്ലാത്ത വൈരാഗി തന്നെയാണ് രാജഋഷി.

## സ്ലോഗൻ: ഹൃദയത്തിന്റെ സത്യതയും ശുദ്ധതയും ഉണ്ടെങ്കിൽ പ്രഭു സംപ്രീതനാകും